**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

## ഓട നവീകരണ പ്രവൃത്തികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5048 — 28-10-2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.ഡി. പ്രസേനൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി, റോഡു സംരക്ഷണത്തിന്റെ ഭാഗമായി, ഓട നവീകരണ പ്രവൃത്തികൾ പാലക്കാട് ജില്ലയിൽ നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | കേരളത്തിലെ പല ജില്ലകളിലും മേൽ പ്പറഞ്ഞ പ്രവൃത്തികൾ ഒരു തടസ്സവു മില്ലാതെ നടക്കുമ്പോൾ ചില ജില്ലകളിൽ ഇത്തരം പ്രവൃത്തികൾക്ക് അനുമതി നൽകാത്തത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്ന് കരുതുന്നുണ്ടോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭയും പദ്ധതികൾക്ക് ഭരണാനുമതി നൽകു ന്നത് പഞ്ചായത്ത് സമിതിയുമാണ്. എന്നാൽ സാങ്കേതികാനുമതി നൽകുന്നത് ഉദ്യോഗസ്ഥർ ഉൾപ്പെട്ട കമ്മിറ്റിയാണ്. പ്രസ്തുത കമ്മിറ്റികൾ ഓട നവീകരണത്തിന് സാങ്കേതികാനുമതി നൽകുന്നില്ലാ യെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പാലക്കാട് ജില്ലയിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകാൻ സന്നദ്ധമാകുമോ എന്നറിയിക്കാമോ? | (സി) | പാലക്കാട് ജില്ലയിൽ ഓട നവീകരണ പ്രവർത്തന ങ്ങൾ ചട്ടങ്ങൾക്കും മാർഗനിർദേശങ്ങൾക്കും വിധേയ മായി ഏറ്റെടുക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതാണ് |

സെക്ഷൻ ഓഫീസർ